# ആമുഖം

2014 ജൂൺ മാസം ആരംഭിക്കുന്ന വിദ്യാഭ്യാസവർഷത്തിൽ 1, 3, 5, 7 ക്ലാസ്സുകളിൽ പുതിയ പാഠ്യപദ്ധതിയെ ആസ്പദമാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ നിലവിൽ വരുന്നു. താഴെകൊടുത്തിരിക്കുന്ന മൂന്ന് സന്ദർഭങ്ങളുടെ പശ്ചാത്തലത്തിലാണ് പാഠ്യപദ്ധതി പരിഷ്കരണം നടന്നത്.

1. R T E Act ന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും ഗുണപരമായ വദ്യാഭ്യാസം ലഭ്യമാക്കുക.

2. അവകാശാധിഷ്ഠിത വിദ്യാഭ്യാസം – അതിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ ഏറ്റവും മികച്ച മാതൃകകൾ ലഭ്യമാക്കുക.

3. കേരളത്തിൽ നടന്നുവരുന്ന അഞ്ചുവർഷത്തിലൊരിയ്ക്കലുള്ള പാഠ്യപദ്ധതി പരിഷ്കരണം.

ഗുണമേന്മ വിദ്യാലയ സങ്കല്പങ്ങൾ, അധ്യാപികയെക്കുറിച്ചുള്ള മാറിയ കാഴ്ചപ്പാട് , ബന്ധപ്പെട്ട വിഷയങ്ങളിലെ പഠനനേട്ടങ്ങളും പ്രക്രിയകളും എന്നിവ പരിചയപ്പെടുന്നതിനാണ് ഈ പരിശീലനം പ്രധാനമായും ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

1. പുതിയ പാഠ്യപദ്ധതി സമീപനത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന്.
2. മാറിയ പാഠപുസ്തകങ്ങളും ഉള്ളടക്കമേഖലകളും പരിചയപ്പെടുന്നതിന്.
3. ടീച്ചർ ടെക്സ്റ്റ് പരിചയപ്പെടുന്നതിന്.
4. മൂല്യനിർണയ സമീപനങ്ങളെക്കുറിച്ച് ധാരണ ഉണ്ടാക്കുന്നതിന്.

# മുന്നൊരുക്കം

തൃശ്ശൂർ ജില്ലയിലെ 1, 2 ക്ലാസ്സുകളിലെ അവധിക്കാല അധ്യാപക പരിശീലന പരിപാടിക്ക് നേതൃത്വം ലൽകുന്നതിന് ഡോ. പി. രാമകൃഷ്ണനെ (ലക്ചറർ, ഡയറ്റ്, തൃശ്ശൂർ) ശ്രീ. എ. എൻ. ജി. ജെയ്ക്കൊ, എ. എം. എൽ. പി. എസ്. നാട്ടിക, ശ്രീമതി വിജയ കെ. എസ്., പരിശീലക, കൊടുങ്ങല്ലൂർ, ബി. ആർ. സി. ശ്രീമതി രേണുക , പരിശീലക, പുഴയ്ക്കൽ ബി. ആർ. സി., ശ്രീ. സജിവ്, ക്ലസ്റ്റർ കോ– ഓർഡിനേറ്റർ, ശ്രീ. പ്രജീഷ് തമ്പി എൻ. എൽ. പി. എസ്., അംലി, എന്നിവർ എസ്. ആർ. ജി. മാരായിരുന്നു. കൊട്ടിയം ക്രിസ്തുജ്യോതി ആനിമേഷൻ സെന്ററിൽ 2014 ഏപ്രിൽ 25, 26, 27 തീയ്യതികളിൽ നടന്ന എസ്. ആർ. ജി. പരിശീലനത്തിൽ ജില്ലയിൽനിന്ന് 5 എസ്. ആർ. ജി. മാരും പങ്കെടുത്തു.

ജില്ലാതല പരിശീലനം തൃശ്ശൂർ നഗര മധ്യത്തിലുള്ള ഹോളിഫാമിലി എച്ച്. എസിലാണ് നടന്നത്. പരിശീലനത്തിന് മുന്നോടിയായുള്ള ആസൂത്രണം 29–04–2014 ന് നടന്നു. തുടർന്ന് ഏപ്രിൽ 30, മെയ് 2, 3, 5 തീയ്യതികളിലായി ജില്ലാതല പരിശീലനം നടന്നു. 18 ബി. ആർ. സി. കളിൽ നിന്നായി 74 അധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു. ട്രെയ്നർമാർ, ക്ലസ്റ്റർ കോ– ഓർഡിനേറ്റർമാർ അധ്യാപകർ എന്നിവരായിരുന്നു പരിശീലന പങ്കാളികൾ. ആസൂത്രണത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ 29–04–2014 ന് വിദ്യാഭ്യാസ ഓഫീസർമ്മാരുടെ യോഗവും അധ്യാപക സംഘടനാ നേതാക്കളുടെ യോഗവും നടന്നു. തുടർന്ന് മെയ് ആറാം തീയതി മുതൽ വിവിധ ബി. ആർ. സി. കളിലായി അധ്യാപകപരിശീലനം നടന്നു.

# പങ്കാളിത്തം

**PARTICIPATION STD 1 & 2 BRC WISE**

| Sl no | BRCs | Participation | To be participated | Percentage |
|---|---|---|---|---|
| 1 | Anthikkad | 37 | 40 | 93 |
| 2 | Chalakkudi | 76 | 76 | 100 |
| 3 | Chavakkad | 92 | 96 | 96 |
| 4 | Cherpu | 34 | 36 | 94 |
| 5 | Chowannur | 72 | 78 | 92 |
| 6 | Irinjalakkuda | 46 | 46 | 100 |
| 7 | Kodakara | 67 | 68 | 99 |
| 8 | Kodungallur | 77 | 77 | 100 |
| 9 | Mala | 41 | 48 | 85 |
| 10 | Mathilakam | 70 | 74 | 95 |
| 11 | Mullassery | 44 | 47 | 94 |
| 12 | Ollukkara | 76 | 76 | 100 |
| 13 | Pazhayannur | 55 | 63 | 87 |
| 14 | Puzhakkal | 66 | 98 | 67 |
| 15 | Thalikkulam | 46 | 68 | 68 |
| 16 | URC | 46 | 46 | 100 |
| 17 | Vellangallur | 48 | 48 | 100 |
| 18 | Wadakkanchery | 50 | 74 | 66 |
| | **Total** | **1043** | **1159** | **90** |

# ഉള്ളടക്കവും വിനിമയവും

## പൊതുവിഷയങ്ങൾ

അവകാശാധിഷ്ഠിത വിദ്യാഭ്യാസവും അധ്യാപികയുടെ മാറുന്ന റോളും എന്ന ആദ്യ സെഷനിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ധാരണകൾ മെച്ചപ്പെടുത്തുന്ന തിന് അവകാശാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പശ്ചാത്തലത്തിൽ നവീകരിച്ച പാഠ്യപദ്ധ തിയും ഊന്നൽ മേഖലകളും തിരിച്ചറിയുന്നതിന്, 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം ഭരണഘടാനാപരമായി ഉറപ്പാക്കിയ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ വ്യവസ്ഥ കളെക്കുറിച്ച് മനസ്സിലാക്കുന്നതിന്, പങ്കാളിത്തം, ലഭ്യത, സംരക്ഷണം എന്നിവയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ അവകാശ നിയത്തെക്കുറിച്ച് അറിയുന്നതിന്, പുതിയ സാഹചര്യത്തിൽ അധ്യാപകന്റെ മാറിയ റോളിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തി ക്കുന്നതിന്, അവകാശാധിഷ്ഠിത വിദ്യാഭ്യാസന്റെ പശ്ചാത്തലത്തിൽ നവീകരിച്ച പാഠ്യപ ദ്ധതിയും ഊന്നൽ മേഖലകളും തിരിച്ചറിയുന്നതിന്, തുടങ്ങിയ ഉദ്ദേശ്യങ്ങളിലൂടെയാണ് കടന്ന് പോയത്.

പ്രായത്തിൽ ഏകതയുള്ളവരാണെങ്കിലും അവരുടെ ചിന്താഗതിയിലും ബാഹ്യപ്രേ രണകളിലും സർഗ്ഗാത്മകതയിലും വ്യത്യസ്തരാണ് എന്ന തിരിച്ചറിവിലൂടെയാണ് ആദ്യ പ്രവർത്തനം കടന്നുപോയത്. ആർ. ടി. ഇ. ആക്ട് (2009) പശ്ചാത്തലത്തിൽ നിന്ന്കൊണ്ട് ഗുണമേന്മ വിദ്യാഭ്യാസഘടകങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള പഠാനാനുഭവ ങ്ങളാണ് കുട്ടിക്ക് ലഭിക്കേണ്ടതെന്നും പാഠ്യപദ്ധതി വിനിമയത്തിൽ ഉത്തരം ഘടക ങ്ങൾക്ക് ഊന്നൽ ലഭിക്കത്തക്കവിധം അധ്യാപകൻ പഠനാനുഭവങ്ങൾ ഒരുക്കണം എന്നുമുള്ള കാഴ്ചപാട് രൂപീകരിക്കാനും അവ കുട്ടികളിൽ എത്രമാത്രം പ്രായോഗിക

മായിട്ടുണ്ടെന്നും ഇനിയും മെച്ചപ്പെടേണ്ടവ ഏതെല്ലാം ആണെന്ന് കണ്ടെത്താനും ഈ സെഷനിലൂടെ സാധിച്ചിട്ടുണ്ട്. അധ്യാപകന്റെ മാറിയ റോൾ ആയിട്ടുള്ള മെന്റർ-ലേക്കുള്ള വളർച്ച ആർ. ടി. ഇ. 2009 ന്റെ വെളിച്ചത്തിൽ എത്രമാത്രം പ്രാധാന്യം അർഹിക്കുന്നുണ്ടെന്നും തിരിച്ചറിഞ്ഞുകൊണ്ടാണ് ഒന്നാംമത്തെ സെഷൻ അവസാനിപ്പിച്ചത്.

കുട്ടിയുടെ വളർച്ചയും വികാസവും പഠനസന്നദ്ധതയും എന്ന രണ്ടാമത്തെ സെഷനിൽ ഒന്നാം ക്ലാസിലെ കുട്ടിയുടെ ശാരീരിക മാനസിക വളർച്ചയെക്കുറിച്ചുള്ള ധാരണകൾ മെച്ചപ്പെടുത്തുന്നതിന്, കുട്ടിയെകുറിച്ചുള്ള നിലവിലുള്ള ധാരണകളെ ശാസ്ത്രീയമായ ധാരണകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നത്, വൈവിധ്യമാർന്ന വികാസമേഖലകളെ പരിപോഷിപ്പിക്കുന്നതും പരിമിതികൾ മറികടക്കുന്നതുമായ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിന്, സന്നദ്ധതാപ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവഹണത്തിന് സഹായകരമാണെന്ന് തിരിച്ചറിയുന്നതിന് തുടങ്ങിയ ഉദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

ഒരു ചിത്രത്തെ അടിസ്ഥാനപ്പെടുത്തി നിരവധി സാധ്യതകൾ കണ്ടെത്താൻ സാധിക്കും എന്നും ഓരോ മേഖലകളിലും കുട്ടി എവിടെ നിൽക്കുന്നു എന്നും ഉള്ള തിരിച്ചറിവും അധ്യാപകനിൽ ഉണ്ടാവേണ്ടതാണെന്നും തിരിച്ചറിഞ്ഞു. വിവിധ വികാസ മേഖലകളായ ഭാഷാവികാസം, ശാരീരിക ചാലകവികാസം, വൈജ്ഞാനിക/ബൗദ്ധികവികാസം, സാമൂഹികവൈകാരിക വികാസം, സർഗ്ഗാത്മകവും ക്രിയാത്മകവുമായ വികാസം മുതലായവയിൽ കുട്ടിയുടെ നിലവാരം തിരിച്ചറിയത്തക്ക വിധത്തിൽ സന്നദ്ധതാപ്രവർത്തനങ്ങൾ തയ്യാറാക്കണമെന്നും ഇതിലൂടെ അധ്യാപകനും കുട്ടിക്കും, രക്ഷിതാവിനും, വിദ്യാലയത്തിനും എല്ലാം ഗുണം ലഭിക്കുമെന്നും ഉറപ്പിക്കുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങളിലൂടെ ഈ സെഷൻ കടന്നുപോയി.

## വിലയിരുത്തൽ സമീപനം

പഠന പ്രക്രിയയോടൊപ്പംതന്നെ നടക്കേണ്ട ഒന്നാണ് വിലയിരുത്തൽ. പഠനം സമഗ്രവും നിരന്തരവുമായതിനാൽ വിലയിരുത്തലും സമഗ്രവും നിരന്തരവുംമാകണം.

- വിലയിരുത്തൽ സമീപനം എങ്ങനെയുള്ളതായിരിക്കണം ?
- വിലയിരുത്തൽ മേഖലകൾ ഏതെല്ലാം ?
- ഗ്രേഡിംഗ് രീതി എങ്ങനെ ?
- വിലയിരുത്തൽ പേജ് എങ്ങനെയുള്ളതായിരിക്കണം ?

എന്നിവ ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തുകയും ക്രോഡീകരിക്കപ്പെടുകയും ചെയ്തു.

## ടീച്ചിംഗ് മാന്വൽ

അധ്യാപകന്റെ ദൈനംദിനാസൂത്രണ രേഖയുടെ പ്രാധാന്യം ചർച്ചചെയ്യപ്പെട്ടു കൊണ്ടാണ് ടീച്ചിംഗ് മാന്വൽ അവതരിപ്പിക്കപ്പെട്ടത്. നിലവിൽ എഴിതിക്കൊണ്ടിരിക്കുന്ന ടീച്ചിഗ് മാന്വൽ അവതരിപ്പിക്കുകയും തുടർന്ന് വരുത്തേണ്ടതായ മാറ്റങ്ങൾ ഫോർമാറ്റി ലൂടെ പരിചയപ്പെടുത്തുകയും ചെയ്തു. പ്രതിഫലനം എന്ന ഭാഗം വളരെയധികം ചർച്ചചെയ്യപ്പെട്ടു.

## അധ്യാപകപരിശീലനം പ്രതിഫലനങ്ങൾ

- 'Mentor' എന്ന വാക്കിൽ മാത്രമേ പുതുമയുള്ളൂവെന്നും അധ്യാപകന്റെ പ്രവർത്തനരീതികൾ ഇതുപോലെതന്നെയാണെന്നും ചർച്ച ചെയ്യപ്പെടുകയുണ്ടായി.
- ടീച്ചിങ്ങ് മാന്യുവലിലെ പ്രതിഫലനം രേഖപ്പെടുത്തൽ ജോലി ഭാരം വർദ്ധിപ്പിക്കുന്നുണ്ട്.
- വിലയിരുത്തൽ ഫോർമാറ്റ് എഴുത്ത് ജോലിയായി മാറുമെന്നുള്ള പരാതി അധ്യാപകർക്കിയിലുണ്ട്.
- സെഷനകളിലെ പ്രവർത്തനാധിഷ്ഠിതമായ ഭാഗങ്ങൾ സജീവമായിരുന്നു.
- ആർ. ടി. ഇ. യുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ആവർത്തന വിരസത ഉണ്ടാക്കി.
- ശിശുവികാസ മേഖലകളെപ്പറ്റിയുള്ള ചർച്ചയിൽ കൃത്യതയും ആധികാരികതയും ഉണ്ടാക്കേണ്ടതുണ്ട്.
- ശിശുവികാസ മേഖലകളെയും ബഹുമുഖബുദ്ധിയേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ചർച്ച അനാവശ്യമായിരുന്നു.
- 'Mentor' എന്ന നിലയിലുള്ള അധ്യാപകരുടെ ഉയർന്ന റോളിനെക്കുറിച്ചുള്ള ചർച്ച, അധ്യാപകരിൽ കൂടുതൽ മോട്ടിവേഷൻ ഉണ്ടാക്കുന്ന രീതിയിൽ ചെയ്യേണ്ടതായിരുന്നു.

- പുതിയ പാഠ്യപദ്ധതിയിലെ പൊതു സമീപനങ്ങൾ പൊതു വിഷയങ്ങളുടെ ഭാഗമായി അവതരിപ്പിച്ചാൽ കൂടുതൽ വ്യക്തത ഉണ്ടാകുമായിരുന്നു.
- സന്നദ്ധതാ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് കൃത്യമായി അവതരിപ്പിക്കേണ്ടതായിരുന്നു.

## 2. മലയാളം

ഒന്നാംതരത്തിലെ നിലവാരമനുസരിച്ച് കഥ അവതരിപ്പിക്കുന്നതിനുള്ള വിവിധ തന്ത്രങ്ങൾ തിരിച്ചറിയുന്നതിന് ആശയങ്ങൾ, ശേഷികൾ/നൈപുണികൾ, മൂല്യങ്ങൾ/മനോഭാവങ്ങൾ എന്നിവ കെവരിക്കുന്നതിൽ കഥ, പാട്ട് എന്നിവയുടെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയുന്നതിന്, ഒന്നാംതരത്തിലെ നിലവാരമനുസരിച്ചുള്ള കഥകൾ, പാട്ടുകൾ എന്നിവ തെരഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ബോധ്യപ്പെടുന്നതിന്, പാഠപുസ്തകം പരിചയപ്പെടുന്നതിന്, യൂണിറ്റ് ഫ്രെയിമിലെ ആശയങ്ങൾ/ഭാഷാശേഷികൾ, വ്യവഹാര രൂപങ്ങൾ, ഭാഷാവസ്തുതകൾ/പ്രക്രിയ, പഠനനേട്ടങ്ങൾ എന്നിവ പരിശോധിച്ച് അതിനനുസൃതമാണോ പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെടുന്നതിന് തുടങ്ങിയ ഉദ്ദേശങ്ങളിലൂടെയാണ് മലയാളത്തിന്റെ സെഷനുകൾ കടന്നുപോയത്.

എങ്ങനെയാണ് കഥകൾ അവതരിപ്പിക്കേണ്ടത് എന്നും കഥ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കുട്ടികൾക്ക് അനുയോജ്യമായ കഥ എങ്ങനെ തെരഞ്ഞെടുക്കാം, പാട്ട് അവതരിപ്പിക്കുമ്പോൾ എങ്ങനെ വിലയിരുത്താം, കഥ, പാട്ട് എന്നിവയിലൂടെ ക്ലാസ് നടക്കുമ്പോൾ കുട്ടിക്ക് ലഭിക്കുന്ന പഠനാനുഭവങ്ങൾ, പഠനനേട്ടങ്ങൾ എന്തെല്ലാം ആയിരിക്കും എന്നുള്ളതും അവതരണങ്ങളിലൂടെയും വിലയിരുത്തൽ ചർച്ചകളിലൂടെയും തിരിച്ചറിഞ്ഞു. ഒന്നാം ക്ലാസിലെ കുട്ടിക്ക് ഒരു വായനാസാമഗ്രി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വായനയുടെ വളർച്ചാഘട്ടങ്ങൾ എന്നിവയും ചർച്ച ചെയ്യപ്പെട്ടു. രൂപീകൃതപാഠത്തിന്റെ പ്രാധാന്യം അധ്യാപകർക്ക് തിരിച്ചറിയാനും സാധിച്ചു.

കഥ, കവിത എന്നിവയുടെ അവതരണവും വിലയിരുത്തലും വളരെയധികം ഉർജ്ജസ്വലത അധ്യാപകർക്ക് നൽകി. വായന എങ്ങനെ ആയിരിക്കണമെന്നും വായന യുടെ വളർച്ച എങ്ങനെ കുട്ടികളിൽ ഉണ്ടാക്കാമെന്നും കുടുതൽ ചർച്ചചെയ്യപ്പെട്ടു.

നാലു സെഷനുകളിലായാണ് ഭാഷാ പരിശീലന പ്രവർത്തനങ്ങൾ വിനിമയം ചെയ്തത്. ജില്ലാ റിസോഴ്സ് ഗ്രൂപ്പ് പരിശീലനത്തിൽ ഭാഷാപരിശീലന പ്രവർത്തനങ്ങൾ സജീവമായിരുന്നു. പാഠപുസ്തകത്തിലെ കവിതാഭാഗങ്ങൾ പരിശീലന പങ്കാളികളിൽ ആവേശപൂർവ്വം അവതരിപ്പിച്ചു. കഥാവതരണത്തിനുള്ള സമയം ലഭിച്ചില്ല. പാഠപുസ്ത കം, കൈപുസ്തകം എന്നിവ പിരിചയപ്പെടുന്നതിനും കൂടുതൽ സമയം ലഭിക്കേണ്ടതാ യിരുന്നു. പരിശീലന പങ്കാളികളുടെ എണ്ണം കുറച്ചുകൂടി കുറവായിരുന്നുവെങ്കിൽ സെഷനുകൾ ഒന്നുകൂടി ഫലപ്രദമാകുമായിരുന്നു.

അധ്യാപക പരിശീലനം പ്രതിഫലനങ്ങളും പ്രതികരണങ്ങളും

- അധ്യാപക പരിശീലനത്തിൽ ഭാഷാസെഷനിൽ അധ്യാപകർ താൽപര്യത്തോടെ പങ്കെടുത്തു. – കഥ, കവിത എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുന്ന സെഷനു കൾ പാഠപുസ്തകത്തിലെ മുഴുവൻ കഥ/കവിതഭാഗങ്ങളെ ഉപയോഗപ്പെടുത്തി നടത്തുകയാണെങ്കിൽ അത് പാഠപുസ്തകംപരിചയപ്പെടുന്നതിനുകൂടിസഹായ കമാകുമായിരുന്നു.
- പാഠപുസ്തകം/ടീച്ചർ ടെക്സ്റ്റ് പരിചയപ്പെന്നതിനുള്ള സെഷൻ കുറച്ചുകൂടി സമയം എടുത്ത് ചെയ്താൽ നല്ലതാകുമായിരുന്നു.
- എഴുത്ത് വായന എന്നിവ കുട്ടികളെ പഠിപ്പിക്കാം എന്നുകാണിക്കുന്ന വീഡിയോ അധ്യാപകപരിശീലനത്തിൽ നൽകിയിരുന്നുവെങ്കിൽ അത് അധ്യാപകർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുമായിരുന്നു.
- ഏതെങ്കിലും ഒരു പാഠഭാഗം ഉപയോഗിച്ച് വായന, എഴുത്ത് എന്നിവയിൽ എത്തുന്നത് എങ്ങനെയെന്ന് ഡെമോൺസ്ട്രേഷൻ/സിമുലേഷൻ കാണിച്ചാൽ കൂടുതൽ ബോധ്യപ്പെടുമായിരുന്നു.

## കേരള പാഠാവലി മലയാളം – ഒന്നാംതരം പ്രഥമിക നിരീക്ഷണങ്ങളും പ്രതികരണങ്ങളും

- ഭാഷ, പരിസരപഠനം എന്നിവയെ ഉദ്ഗ്രഥിച്ചുകൊണ്ടുള്ള ഒന്നാം ക്ലാസിലെ പുതിയ പാഠപുസ്തകം കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയതും രക്ഷിതാക്കൾക്ക് സഹായങ്ങൾ നൽകാൻ പറ്റിയതുമാണ്.
- കുട്ടികൾക്ക് ചെയ്യാനുള്ള പ്രവർത്തനങ്ങളും വർക്ക് ഷീറ്റുകളും ഉൾപ്പെടുത്തിയത് കൂടുതൽ പ്രയോജനപ്രദമാണ്.
- വിലയിരുത്തൽ പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ തന്നെ നൽകിയത് ക്ലാസിൽ പഠനപുരോഗതി വിലയിരുത്താൻ സഹായകമാണ്.
- ഓരോ യൂണിറ്റിലും ഏതേതു അക്ഷരങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത് എന്ന് പാഠപുസ്തകത്തിൽ തന്നെ നൽകിയത് പഠനപ്രവർത്തനങ്ങൾക്ക് വ്യക്തതയും ദിശാബോധവും നൽകും. തുടർപ്രവർത്തനങ്ങൾക്ക് ഇത് സഹയകമാണ്.
- ചിത്രങ്ങൾ പ്രത്യേക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുതിയ പാഠപുസ്തകങ്ങൾ പ്രാധാന്യം കൊടുത്തത് പാഠപുസ്തകത്തെ ശിശുസൗഹൃദപരമാക്കുന്നു.
- പഠനപ്രവർത്തനങ്ങൾ കൈപുസ്തകത്തിൽ വിഭാവനം ചെയ്യുന്ന രീതിയിൽ നൽകിയില്ലെങ്കിൽ, പഠനം പാഠപുസ്തകം പൂരിപ്പിക്കലായി മാറിപോകാനുള്ള സാധ്യതയുണ്ട്. പാഠപുസ്തകം ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് അധ്യാപകർക്ക് കൃത്യമായ ധാരണയുണ്ടായിരിക്കണം.
- ലഭ്യമായ അധ്യയനസമയത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പാഠപുസ്തകങ്ങൾ എല്ലാം ചെയ്ത് തീർക്കാനാകുമോ എന്ന് സംശയമുണ്ട്.
- പാഠപുസ്തകത്തിന്റെ പേജുകൾ കുറച്ചുകൂടി ഗുണനിലവാരം ഉള്ളതാക്കാമായിരുന്നു.
  വ്യവഹാര രൂപങ്ങൾക്കൊപ്പം ഭാഷാ വസ്തുക്കൾക്കും അക്ഷരങ്ങൾക്കും തുല്യപ്രാധാന്യം നൽകിയത് ഒന്നാം ക്ലാസിനെ സംബന്ധിച്ചിടത്തോളം അക്ഷരങ്ങൾ പഠിക്കുന്നതിന് കൂടുതൽ സഹായകമാണ്.
- ഓരോ യൂണിറ്റ് കഴിയുമ്പോഴും –ചങ്ങാതി തത്ത– എന്ന പേരിൽ ആ യൂണിറ്റിൽ പ്രാധാന്യം നൽകുന്ന അക്ഷരങ്ങൾ നൽകിയത് പഠനത്തിൽ വ്യക്ത വരുത്തുന്നതിനും തുടർ പ്രവർത്തനത്തിനും സഹായകമാണ്.

# പരിസരപഠനം

പരിസരപഠന സമീപനത്തെക്കുറിച്ചുള്ള ധാരണകൾ മെച്ചപ്പെടുത്താനും പ്രക്രിയ ശേഷികൾ തിരിച്ചറിഞ്ഞ് അവയുടെ വികസനത്തിനനുയോജ്യമായ പഠനപ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പുതിയ പാഠപുസ്തകത്തിലെ പരിസരപഠന പ്രവർത്തനങ്ങൾ, ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് പ്രവർത്തനങ്ങൾ, ആശയങ്ങൾ, പഠനനേട്ടങ്ങൾ, വിലയിരുത്തൽ സന്ദർഭങ്ങൾ എന്നിവ കണ്ടെത്തുന്നതിനും വേണ്ടിയു ള്ളതായിരുന്നു. 1, 2 ക്ലാസുകളിലെ അധ്യാപകർക്കുനൽകിയ പരിസരപഠനവുമായി ബന്ധപ്പെട്ട പരിശീലനം, അടുക്കളയുപകരണങ്ങൾ വർഗീകരിക്കുന്നതിന്റെ പ്രായോഗിക പേജ് തയ്യാറാക്കുക, പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിച്ചുള്ള നിരീക്ഷണം (ബിസ്ക്കറ്റ് അക്റ്റിവിറ്റി) ആശയവിനിമയശേഷി വികസനത്തേയും പറ്റിയുള്ള അവതരണം എന്നിവ യായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. ഓരോ മണിക്കൂർ വീതം നീണ്ടുനിൽക്കുന്ന രണ്ടു സെഷനുകളിലാണ് പ്രവർത്തനങ്ങൾ നൽകാൻ മൊഡ്യൂൾ രൂപകൽപന ചെയ്തിരുന്ന ത്. ജില്ല റിസോഴ്സ് ഗ്രൂപ്പ് പരിശിലനത്തിൽ അടുക്കളയുപകരണങ്ങളുടെ പ്രവർത്ത നവും ഫലപ്രദമായി നടത്താനായി. ബിസ്കറ്റ് ആക്റ്റിവിറ്റിയിൽ പങ്കാളികളെല്ലാം സജീ വമായി പങ്കെടുത്തുവെങ്കിലും പങ്കാളികളുടെ എണ്ണത്തിന്റെ ആധിക്യം ഗ്രൂപ്പുപ്രവർത്ത നങ്ങളെ ബാധിച്ചു. പ്രക്രിയ പേജ് തയ്യാറാക്കലും അവതരണവും സമയബന്ധിതമായി നടന്നില്ല. ആശയ വിനിമയശേഷിയെക്കുറിച്ചുള്ള ചർച്ച നടത്താനായില്ല

## അധ്യാപക പരിശീലനം പ്രതിഫലനങ്ങളും പ്രതികരണങ്ങളും

- മുമ്പ് നേടിയ ധാരണകൾ വ്യക്തമാക്കാനും ഉറപ്പിക്കാനും പരിശീലനം പ്രയോജന മായിരുന്നു.
- അധ്യാപകർക്ക് കാലങ്ങളായി പരിചിതമായ ആശയമേഖലകൾ തന്നെയാണ് പരി ശീലന സെഷനുകൾ കൈകാര്യം ചെയ്തത്. അതുകൊണ്ട് ചർച്ചകളിൽ പുതുമ ഉണ്ടായിരുന്നില്ല. ആവർത്തന വിരസത അനുഭവപ്പെട്ടു.
- പരിസര പഠനത്തിലെ പ്രക്രിയാശേഷികളുടെ ഹാന്റ്ഔട്ട് പരിശീലനത്തിൽ ഉപ യോഗിക്കാൻ വിതരണം ചെയ്തിരുന്നില്ല.
- പാഠപുസ്തകത്തിലെ പരിസരപഠന പ്രവർത്തനങ്ങൾ പരിചയപ്പെടാനുള്ള കൂടു തൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാൽ പ്രയോജനകരമാകുമായിരുന്നു.
- പരിസരപഠനത്തിലെ ടീച്ചർ ടെക്സ്റ്റ് പരിശീലനത്തിന്റെ ഭാഗമായി തീരെ ഉപയോ ഗിക്കപ്പെട്ടില്ല.

## ഒന്നാം തരം പരിസരപഠന പാഠപുസ്തകത്തെപ്പറ്റിയുള്ള പ്രാഥമിക വിലയിരുത്തലുകൾ

- പരിസരപഠനത്തിലെ പ്രക്രിയശേഷികളുടെ വികാസത്തിനാവശ്യമായ ധാരളം പ്രവർത്തനങ്ങൾ ഒന്നാം തരത്തിലെ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കുട്ടികൾ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള പേജുകൾ വർക്ക്ഷീറ്റുകൾ എന്നിവ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ വീട്ടിൽ നിന്നും സഹായി ക്കാൻ കഴിയുന്ന തരത്തിലാണ് പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്.
- കുട്ടികൾക്ക് ആശയരൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ നൽകിയതിനു ശേഷം മാത്രമേ വർക്ക് ഷീറ്റ് പൂരിപ്പിക്കൽ പോലുള്ള പ്രവർത്തനങ്ങൾ നൽകാ വൂ. അല്ലെങ്കിൽ വെറും പാഠപുസ്തകം പൂരിപ്പിക്കലായി മാറിപോകാനുള്ള സാധ്യതയുണ്ട്.

## ഗണിതം

ഗണിതാശയങ്ങളുടെ രൂപീകരണം, ഗണിതസൗഹൃത ക്ലാസ്മുറിയുടെ പ്രാധാന്യം തിരിച്ചറിയൽ, ഇ. എൽ. പി. എസ്. ലൂടെ പ്രാഗ് ഗണിതാശയങ്ങളും സംഖ്യബോധം, ക്രിയകൾ, മുതലായ ഗണിതാശയങ്ങളും രൂപീകരിക്കുന്നതിനെക്കുറിച്ച് ധാരണ നേടാൽ, പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് പഠനപ്രവർത്തനങ്ങൾ കണ്ടെത്തൽ, പാഠാസൂത്രണം തയ്യാക്കൽ എന്നിവയെല്ലാമാണ് പരിശീലനത്തിലെ ഗണിത സെഷനുകളിൽ ഉദ്ദേശിച്ചിരുന്നത്. ചരടുകഷ്ണങ്ങൾ താരതമ്യം ചെയ്യൽ, കോഴിക്കുഞ്ഞുങ്ങൾ/മുട്ടകൾ വരച്ച് എണ്ണൽ, സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പാഠപുസ്തകം, കൈപുസ്തകം എന്നിവ പരിശോധിക്കൽ എന്നിവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. നാലുസെഷനുകളിലായി ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിശീലനമാണ് ഗണിതത്തിനുവേണ്ടി രൂപകൽപന ചെയ്തിരുന്നത്.

ജില്ലാ റിസോഴ്സ് ഗ്രൂപ്പ് പരിശീലനത്തിൽ ഗണിതത്തിനുവേണ്ടി മുഴുവൻ ദിനംനീക്കിവെയ്ക്കാനായില്ല. പരിശീലന പങ്കാളികളുടെ എണ്ണക്കുടുതൽ കാരണം കോഴി/മുട്ട വരയ്ക്കൽ മുതലായ ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിജയകരമായി നടത്താനായില്ല.

## അധ്യാപകപരിശീലനം തിരിച്ചറിവുകൾ

- സെഷനുകൾ പ്രവർത്തനാധിഷ്ഠിതമായതുകൊണ്ട് പരിശീലനം വളരെ സജീവമായിരുന്നു.
- അധ്യാപകപരിശീലനത്തിന് ഗണിതത്തിന് ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന സെഷനുകൾ അനുവദിച്ചത് സമയം അധികമായിരുന്നു. സെഷനുകൾ ഇഴഞ്ഞു പോകുന്നതായി അനുഭവപ്പെട്ടു.
- കോഴി/മുട്ട വരയ്ക്കൽ പ്രവർത്തനം കൂടുതൽ നീണ്ടുപോയി.
- ഗണിതാന്തരീക്ഷം മുതലായകാര്യങ്ങൾ അധ്യാപകർക്ക് പരിചിതമായതിനാൽ പലയിടത്തും ആവർത്തനവിരസത അനുഭവപ്പെട്ടു.
- പാഠപുസ്തകം തയ്യാറാക്കാനുള്ള പ്രവർത്തനം ഫലപ്രദമായി ചെയ്യാനായില്ല.
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ പരിചയപ്പെടുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ പരിശീലനത്തിൽ ഉൾപ്പെടുത്താമായിരുന്നു.

- വേറെ പാഠപുസ്തകം തയ്യാറായെങ്കിലും ഉദ്ഗ്രഥിത രീതി എന്നു പറയുന്നതിൽ വൈരുധ്യമുണ്ട്. പാഠഭാഗങ്ങൾ എങ്ങലെ ഉദഗ്രഥിച്ച് കൊണ്ടുപോകുമെന്ന് വ്യക്ത മല്ല.

## ഗണിതപാഠപുസ്തകം

- ഗണിതത്തിനുവേണ്ടി പ്രത്യേകം പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ഗണിതത്തിന് ആവശ്യമായ പ്രാധാന്യം നൽകുന്നതിന് സഹായകമാകും.
- ചിത്രങ്ങൾ, പാട്ടുകൾ, മറ്റുപ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് പാഠപുസ്തകത്തെ കൂടുതൽ ശിശുസൗഹൃദപരമാക്കുന്നുണ്ട്.
- കുട്ടികൾക്ക് പ്രവർത്തനങ്ങൾ ചെയ്യുന്നതിനും രക്ഷിതാക്കൾക്ക് സഹായിക്കാനും കഴിയുന്ന പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഗണിത ഉള്ളടക്കം കുട്ടികളെ സെബന്ധിച്ചിടത്തോളം വളരെ ലളിതമാണ്.
- ഘായിറായി മിഠായി എന്നതിൽ മിഠായി എന്നതിനുപകരം മിട്ഠായി എന്ന് രണ്ടിടത്ത് തെറ്റായി അച്ചടിച്ചിട്ടുണ്ട്.

## STD - I ENGLISH

Main objectives of the training are :-

- To familiarize the different strategies to indtroduce a lesson.
- To realize the slots and purposes for interaction, necessity of a good entry activity to begin a unit.
- Accommodate CWSN and slow pace learners in the transaction process.
- To analyse the features of Reader by developing entry activities, processing pictures etc.
- To familiarize hand book and T B.
- To familiarize the basic premises on which the new text book are developed
- To identify the need and relevance of C CA and T E.
- To familiarize different modes and ways of assessments.
- To identify different slots for assessment in Std- I.

The module was systematically structured and references were also attached with the module. Discussions and simulations were done in S R G level.

At the beginning, they were not at all participated whole heartedly. They were very much reluctant and to speak in English. But after the morning session gradually they came in the stream. They began to participate in various activities (Making of supporting materials to transcict the lessons such as clay modeling, puppet making , making cutouts etc) At the end they simulate I and II unit with the materials that the hand made at live in the DRG training.

ഒരു ദിവസം നീണ്ടുനിന്ന പരിശീലനം അവസാനിച്ചപ്പോഴും ഡി. ആർ. ജി. അംഗങ്ങൾ, ഫീൽഡ്തല പരിശീലനത്തിനുവേണ്ട ആത്മവിശ്വാസം പ്രകടിപ്പിച്ചില്ല. എന്നാൽ പരിശീലകരുടെ അവസരോചിതമായ ഇടപെടലുകളും നിർദ്ദേശങ്ങളും അവരിൽ അഭിപ്രേരണ ഉണർത്താൻ സഹായകമായി.

ചാലക്കുടി ബി. ആർ. സി. യിലെ ഒരധ്യാപകൻ ഒന്നാം ക്ലാസിലെ ആദ്യപാഠത്തിലെ കേന്ദ്രകഥാപാത്രങ്ങളായ ബെൻ, സെൻ എന്നിവരുടെ വലിയ കളിമൺ രൂപങ്ങൾ ഉണ്ടാക്കുകയും, പഴയ പാന്റ്സ്കൾ ഉപയോഗിച്ച് പോർട്ട് ഫോളിയോ ബാഗുകൾ തയ്യാറാക്കുന്നതുമായ കാര്യങ്ങൾ അധ്യാപകരുമായി പങ്കുവെച്ചു.

പരിശീലനത്തിനിടെ പഠനോപകരണങ്ങൾ നിർമ്മിക്കുകയും അതുപയോഗിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുകയും ചെയ്തത് അധ്യാപകരിൽ ആത്മവിശ്വാസം വളർത്തി. - പരിശീലനക്കാലം മറക്കാനാവാത്ത ഒരനുഭവം- എന്നാണ് അധ്യാപകർ അതിനെ വിശേഷിപ്പിച്ചത്. (ഉറുമ്പ്, താറാവ്, കോഴിക്കുഞ്ഞ് - കളിമൺ രൂപങ്ങൾ, കട്ടൗട്ട്, കൈയ്യുറപാവകൾ, മുഖംമൂടികൾ) എന്നിവ ഉണ്ടാക്കിയത്.

പാഠപുസ്തകത്തെക്കുറിച്ച് അധ്യാപകർ നല്ല അഭിപ്രായം രേഖപ്പെടുത്തി.

- Can compete with other text books
- Colourful
- Lot of stories, Rhymes and activities
- They are just like childrens literature
- This makes the students as an organic learner

എന്നാൽ ഉള്ളടക്കം കൂടുതൽ ഭാഗം 1 മാത്രം മതിയായിരുന്നു എന്നീ വിരുദ്ധാഭിപ്രായവും ചിലർ രേഖപ്പെടുത്തി. പുതിയ പാഠപുസ്തകത്തിന്റെ വിനിമയം ഫലപ്രദവും ഗുണകരവുമാക്കാൻ ഉള്ളടക്കത്തിലും വൈവിധ്യമാർന്ന പഠന ബോധനതന്ത്രങ്ങളിലുള്ള നിരന്തരമായ പരിശീലനം, വിദ്ഗധരുടെ മാതൃകാക്ലാസ്സുകൾ എന്നിവ ആഗ്രഹിക്കുന്നതായി അധ്യാപർ പറഞ്ഞു. ആത്മവിശ്വാസത്തോടെ, പുതിയ പാഠപുസ്തകത്തെയും വിനിമയരീതിയെയും ഉൾക്കൊള്ളാനും, ക്ലാസ്സ്മുറികളിൽ ഉപയോഗിക്കാനും സർവ്വാത്മനാ സന്നദ്ധരായിരിക്കുവാൻ ഈ വർഷത്തെ അധ്യാപകപരിശീലനത്തിനു കഴിഞ്ഞതായി പൊതുവെ അധ്യാപകർ അഭിപ്രായപ്പെട്ടു.